17.06.2022

<u>കേന്ദ്ര സർക്കാറിൻറെ  സുപ്രധാന തീരുമാനങ്ങളും</u>

<u>പോളിസികളും,കൈകൊണ്ട പുതിയ പദ്ധതികളും</u>

വിമുക്ത ഭടന്മാരുടെയും അവരുടെ ആശ്രിതരുടെയും ക്ഷേമത്തിനായി സൈനിക ക്ഷേമ വകുപ്പ്  കഴിഞ്ഞ 8 വർഷമാങ്ങളായി കൈകൊണ്ട പുതിയ ക്ഷേമ പ്രവർത്തനങ്ങളും, നേട്ടങ്ങളും ചുവടെ ചേർത്തിരിക്കുന്നു.

പെൻഷൻ  വിമുക്ത ഭടൻമാരുടെ ഏറെ കാലത്തെ ആവശ്യമായ ഒരു റാങ്ക് ഒരു പെൻഷൻ എന്ന ചരിത്രപരമായ തീരുമാനം കേന്ദ്രസർക്കാർ കൈകൊള്ളുകയും, 07.11.2015-ൽ ആവശ്യമായ ഓർഡറുകൾ നൽകുകയും ഉണ്ടായി. 4,5,6 പേ കമ്മീഷൻ കാലയളവിൽ റിട്ടയർ ചെയ്ത/മരിച്ച വിമുക്ത ഭടൻമാരുടെ ഒരു റാങ്ക് ഒരു പെൻഷൻ സ്കീമിൻറെ നടത്തിപ്പിനായി 17.10.2018-ൽ ഒരു എകീകൃത ശബള നിശ്ചയ പട്ടിക കേന്ദ്രസർക്കാർ തയ്യാറാക്കിയിട്ടുണ്ട്. 7.11.2015 ലെ സർക്കാർ ഉത്തരവിൻ പ്രകാരം 25 ലക്ഷം വിമുക്ത ഭടൻമാരിൽ, 20.60 ലക്ഷം അപേക്ഷകർക്ക് പ്രയോജനം ലഭിക്കുകയും, 10795.4 കോടി കുടിശ്ശികയായി 20,60,220 വിമുക്ത ഭടൻമാർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഒരു റാങ്ക് ഒരു പെൻഷൻ പദ്ധതിയുടെ ചെലവായി പ്രതിവർഷം 7123 കോടി രൂപ വരുമെന്ന് കണക്കാക്കപ്പെടുന്നു.

01.01.2006-ന് മുൻപ് വിരമിച്ച ഹോണററി നായിബ്  സുബൈദാർ റാങ്ക് ലഭിച്ചവരുടെ ചിരകാല ആവശ്യമായ പെൻഷൻ റിവിഷൻ (01/01/2006-ന് ശേഷം വിരമിച്ച ഹോണററി നായിബ്  സുബൈദാറിന്റേത് പോലെ) യാഥാർത്ഥ്യമാക്കി. ഇത് മൂലം 1.6.2006 മുൻപ് വിരമിച്ച ഏകദേശം 75,250 ഹോണററി നായിബ് സുബൈദാർ  റാങ്കിലുള്ള  വിമുക്തഭടന്മാർക്ക് നേട്ടം ഉണ്ടായി.

സൈനിക സേവനത്തിനിടെ മരണപ്പെടുന്ന/പരിക്കുകൾ മൂലം സൈന്യം വിടേണ്ടി വരുന്നവരുടെ വിധവയ്ക്ക് / ഭാര്യയ്ക്ക് കൂടിയ നിരക്കിലുള്ള ഫാമിലി പെൻഷൻ ലഭിക്കുന്നതിനു 7 വർഷം തുടർച്ചയായ മിലിട്ടറി സർവീസ് വേണമെന്ന നിബന്ധന എടുത്ത് കളഞ്ഞു. നിലവിൽ  01.10.2019 ന് മുൻപുള്ള പത്ത് വർഷത്തെ കാലയളവിനുള്ളിൽ മരണപ്പെട്ടതും എന്നാൽ  7 വർഷം തുടർച്ചയായ മിലിട്ടറി സർവീസ് ഇല്ലാത്തവരുടെ കുടുംബത്തിനും കൂടിയനിരക്കിലുള്ള ഫാമിലി പെൻഷൻ 01.10.2019  മുതൽ അർഹത ഉണ്ടായിരിക്കുന്നതാണ്.

വിമുക്തഭടന്മാരുടെയും/പെൻഷനേഴ്സിന്റെയും പരാതി പരിഹരിക്കാനായി സുദൃഡവും സുശക്തവുമായ ഒരു പെൻഷൻ പരാതി പരിഹാര സെൽ ഉള്ളതിനാൽ 97% വരെ പരാതികൾ പരിഹരിക്കപ്പെടുന്നുണ്ട് . നിരന്തര ഇടപ്പെടലും ആഴ്ച്ചതോറുമുള്ള പരിശോധനകളും സാങ്കേതിക ഉപയോഗവും മൂലം പരാതി പരിഹാരത്തിന് 30 ദിവസം ആണ്. എന്നാൽ ഇത്  2012 ൽ 87 ദിവസം ആയിരുന്നത് 2018 ആയപ്പോൾ 25 ദിവസമായും 2020-21 കാലയളവിൽ 21 ദിവസമായും കുറയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട്. രാജ്യ സൈനിക് ബോർഡിൻറേയും,ജില്ലാ സൈനിക് ബോർഡിന്റേയും ബോധവൽകരണ

സെമിനാറുകളും ഇടപെടലുകളും വിമുക്തഭടന്മാരുടെ പരാതികൾ പരിഹരിക്കുന്നതിന് ഏറെ സഹായകമായിട്ടുണ്ട്.

പൊതുവെ അറിയപ്പെടുന്ന സ്പർശ് (സിസ്റ്റം പെൻഷൻ അഡ്മിനിസ്ട്രേഷൻ (രക്ഷാ) എന്ന ആപ്പിലൂടെ ഗ്രാറ്റുവിറ്റി,പെൻഷൻ കമ്മ്യൂട്ടേഷൻ തുക,എക്സ്ഗ്രേഷ്യ പെയ്മെന്റ്സ്, പ്രതിമാസ പെൻഷൻ മുതലായവയ്ക്ക് ബയോമെട്രിക്കോ അല്ലാതെയുമുള്ള ലൈഫ് സർട്ടിഫിക്കറ്റുകൾ ഒന്നും വേണ്ട എന്ന് കേന്ദ്ര സർക്കാർ തീരുമാനമെടുത്തിട്ടുണ്ട്.

ശാരീരിക ക്ഷമതയില്ലാത്ത കുട്ടിക്കോ/കുട്ടികൾക്കോ 9000/- രൂപയിൽ താഴെ ക്ഷാമബത്ത ഉൾപ്പെടെ ഇതര വരുമാനം ഉണ്ടെങ്കിൽ മരണപ്പെട്ട കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥന്റെയോ/പെൻഷണരുടേയോ ഫാമിലി പെൻഷന് അർഹത ഉണ്ടായിരിക്കുന്നതല്ല എന്നാൽ, (രക്ഷാമാന്ത്രലയം) ഇന്ത്യാ ഗവേൺമെന്റിന്റെയോ 28.09.2021 ലെ തീരുമാന പ്രകാരം ഈ പരിധി ഉയർത്തുകയും തന്മൂലം പെൻഷൻ തുക സർക്കാർ ഉദ്യോഗസ്ഥന്റെയോ പെൻഷനരുടെ ഓർഡിനറി ഫാമിലി പെൻഷൻ തുക (അവസാന ശമ്പളത്തിന്റെ 30%) ക്ഷാമബത്തയടക്കം ഇതര വരുമാനത്തിൽ കുറവാണെങ്കിൽ ബുദ്ധിമാദ്ധ്യം/ ശാരിരിക വൈകല്യമുള്ള കുട്ടികൾക്ക് ജീവിത അവസാനം വരെ ഫാമിലി പെൻഷൻ ലഭിക്കുന്നതാണ്. ഇത് 08/02/2021 മുതൽ പ്രാബല്യത്തിൽ വന്നതാകായൽ കുടിശിക വാങ്ങവുന്നതുമാണ്.

ഏഴാം ശബള കമ്മീഷനുശേഷം ഗവൺമെന്റിന്റെ ഏറ്റവും കൂടിയ ശബളം എന്നത് പ്രതിതിമാസം 2,50,000/- രൂപയായി നിജപ്പെടുത്തിയിരുന്നു. ഇതിനനുസൃതമായി പെൻഷൻസ് & പെൻഷൻ വെൽഫയർ വകുപ്പ് (DOP&PW) സർക്കാർ ഉദ്ധ്യോഗസ്ഥരുടെ/പെൻഷനറുടെ (മാതാപിതാകളുടെ) രണ്ട് ഓർഡിനറി ഫാമിലി പെൻഷൻ കുട്ടിക്കോ/കുട്ടികൾക്കോ ലഭികുന്നതിന്1,25,000/-(ഓർഡിനറി ഫാമിലി പെൻഷന്റെ ഉയർന്ന തുക 50%) 75000/-രൂപ(ഓർഡിനറി ഫാമിലി പെൻഷൻ 30% യും നിജപ്പെടുത്തിയിട്ടുണ്ട്. 29.10.2021ലെ രക്ഷാമന്ത്രാലായിന്റെ ഉത്തരവ് പ്രകാരം പ്രസ്തുത ആനുകൂല്യം 01.01.2016 മുതൽ സേനാഗംങ്ങൾക്ക് ലഭ്യമാക്കിയിട്ടുണ്ട്.

സർവ്വീസ് പെൻഷൻ/ഫാമിലി പെൻഷൻ എന്നിവയുമായി ബന്ധപ്പെട്ട പരാതികൾ അതിവേഗം പരിഹരിക്കുന്നതിനായി 14.012022-ൽ രക്ഷാ പെൻഷൻ ശിഖായത്ത് പോർട്ടൽ (https://rekshapension.dsw.gov.in) DESW തുടങ്ങിയിട്ടുണ്ട്. രജിസ്ട്രേട് മൊബൈൽ നിന്ന് ഒരു എസ്.എം.സ്-ഓ ഇ മെയിലോ ഈ പോർട്ടലിലേയ്ക്ക് അയച്ച് പരാതി രജിസ്റ്റർ ചെയ്യാവുന്നതും പരാതിയുടെ നിജസ്ഥിതി ആവശ്യാനുസരണം അറിയാവുന്നതുമാണ്. എന്തെങ്കിലും വിധത്തിലുള്ള മാറ്റങ്ങൾ പരാതിയിൽ വരുത്തുന്നതിനും ഈ പോർട്ടലിൽ സൗകര്യമുണ്ട്.

(ii) ക്ഷേമ പ്രവർത്തനങ്ങൾ

2021-2022 സാമ്പത്തിക വർഷം (ജനുവരി 2022ൽ) 320 കോടി രൂപ സായുധസേനാ പതാക ദിന ഫണ്ടിൽ അനുവദിച്ചു(AFFDF). തന്മൂലം മൊത്തം 1.66 ലക്ഷം വിമുക്തഭടന്മാർ/ആശ്രിതർക്ക് ഇതിൻറെ പ്രയോജനം ലഭിച്ചു. 1.58 ലക്ഷം വിദ്യാഭ്യാസ ഗ്രാന്റിന് 284 കോടിരൂപയും ഫെബ്രുവരി 2020 മുതൽ ഉണ്ടായിരുന്ന 7,583 വിവാഹ ഗ്രാന്റിന് 36 കോടി രൂപയും ചെലവഴിച്ചു.

2020ൽ (ABCWF) ആർമി ബാറ്റിൽ കാഷ്യൂലിറ്റിസ് വെൽഫയർ ഫണ്ട് എന്നുള്ള നാമം എയർഫോഴ്സിനും, നേവിക്കും കൂടി ഗുണപ്രധമാകുന്നരീതിയിൽ (AFBCWF) ആംഡ് ഫോഴ്സസ് ബാറ്റിൽ കാഷ്യൂലിറ്റീസ് വെൽഫയർ ഫണ്ട് എന്നാക്കി നവീകരിച്ചു. യുദ്ധത്തിലോ/യുദ്ധസമാന അപകടത്തിലോ അഡീഷനൽ എക്സ്ഗ്രേഷ്യയായി നൽകിവന്നിരുന്ന തുക രണ്ട് ലക്ഷത്തിൽ നിന്ന് 8 ലക്ഷം രൂപയായി ഉയർത്തുകയും 60% ത്തിൽ താഴെയുള്ള യുദ്ധ/ യുദ്ധസമാന സാഹചര്യത്തിലുള്ള അപകടങ്ങളിലുമുണ്ടായ ശാരീരിക വൈകല്യങ്ങളിൽ നൽകിവരുന്ന തുക 1 ലക്ഷത്തിൽ നിന്ന് 4 ലക്ഷമാക്കി ഉയർത്തുകയും ചെയ്തിട്ടുണ്ട്.

പ്രൈംമിനിസ്റ്റർ സ്കോളർഷിപ്പ് (PMSS) തുക 2019-2020 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം ആൺകുട്ടികൾക്ക് 24000/- രൂപ എന്നത് 30000/-രൂപയും പെൺകുട്ടികൾക്ക് 27000/- രൂപ എന്നത് 36000/- രൂപയായും ഉയർത്തുകയും ചെയ്തിട്ടുണ്ട്.

വിമുക്തഭടന്മാരുടെ/വിധവകളുടെ 100% ശാരീരിക ക്ഷമതയില്ലാത്ത കുട്ടികൾക്ക് രക്ഷാമന്ത്രി വിമുക്തഭട ഫണ്ടിൽ (സായുധസേനാ പതാകദിനത്തിൽ നിന്ന്) നിന്ന് ലഭ്യമായികൊണ്ടിരിക്കുന്ന സാമ്പത്തിക സഹായം 01/08/2021 മുതൽ പ്രതിമാസം 1000/- രൂപ എന്നത് 3000/- രൂപയായി ഉയർത്തിയിടുണ്ട്.

കേന്ദ്രിയ സൈനിക ബോർഡിന്റെ സേവനങ്ങൾ ഡയറക്റ്റ് ബെനിഫിക്ട് ട്രാൻസ്ഫർ (ഡിബിടി) ഭാരത് (യുണൈറ്റഡ് മൊബൈൽ അപ്ലിക്കേഷൻഫോർ ന്യൂ എയ്ജ് ഗവേൺസ്) UMANG മൊബൈൽ പോർട്ടൽ മുഖേനയും ആക്കിയിട്ടുണ്ട്.

അരുണാചൽ പ്രദേശിലും, ലഡാക്കിലും വിമുക്തഭട സഹോദരങ്ങളുടെ ക്ഷേമത്തിനായി രാജ്യ സൈനിക ബോർഡ് ആരംഭിച്ചു.

ഡൽഹി, ലക്നൗ, റാഫേൽ ഇന്റെർനാഷണൽ വെൽഫയർ ഹോം, ഡെറാഡൂൺ എന്നീ വെൽഫയർ ഹോമിലെ കുഷ്ഠ രോഗികൾ, മാനസിക രോഗികൾ,വിട്ടുമാറാത്ത ശാരീരിക പേശി രോഗികൾ/പക്ഷാഘാത, ടി.ബി രോഗികൾ എന്നിവർക്ക് കേന്ദ്രിയസൈനിക ബോർഡിൽ നിന്ന് ഒരു അന്തേവാസിക്ക് നൽകി വരുന്ന പ്രതിവർഷ സാമ്പത്തിക സഹായം 9,000/- രൂപയിൽ നിന്ന് 15,000/-രൂപയായി ഉയർത്തി യിട്ടുണ്ട്.

.

(iii) പുനരധിവാസം

സെക്യൂരിറ്റിയുമായി ബന്ധപ്പെട്ട ജോലികൾ അല്ലാതെ സാങ്കേതിക സേവനങ്ങളും വിമുക്തഭടന്മാർക്ക് ലഭികുന്നതിനായി വകുപ്പ് ആവശ്യ നടപടികൾ സ്വീകരിക്കുന്നുണ്ട്. സർക്കാർ സ്ഥാപനങ്ങളിലും മറ്റും സാങ്കേതിക സേവനങ്ങളും വിമുക്തഭടന്മാർക്ക് ലഭികുന്നതിനായി 06/02/2020 DGR പദ്ധതിയ്ക്കു മാർഗനിർദേശങ്ങൾ നല്കിയിട്ടുണ്ട്.

പ്രാരംഭ സർവീസിനു ശേഷം അകാലത്തിൽ വിരമിക്കുന്ന(SSC) ഷോർട്ട് സർവീസ് കമ്മീഷൻ ഓഫീസർമാർക്ക് വിമുക്തഭട പദ്ധവി നൽകുന്നതിനുള്ള

മാർഗനിർദേശങ്ങൾ 16/02/2022ന് നല്കിയിട്ടുണ്ട്. ഇതു ഷോർട്ട് സർവീസ് കമ്മീഷൻ പ്രവേശനം വളരെ ആകർഷണമാക്കും.

SSC ഓഫീസേഴ്സിന് വിരമിക്കലിന് ശേഷവും അവർക്ക് മിലിട്ടറിയിൽ കിട്ടിയ റാങ്ക് ഉപയോഗിക്കുവാനുള്ള അനുമതി ലഭ്യമാക്കണം എന്ന അവരുടെ ദീർഘ കാലത്തെ ആവശ്യം 27.07.1983-ലെ സർക്കാർഉത്തരവിനെ 23.03.2021-ൽ ഒരു കൊറിജണ്ടത്തിലൂടെ പരിഷ്കരിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. ഈ തീരുമാനംമൂലം SSC ഓഫീസർമാർക്ക് വിമുക്തഭട പദവി ഉണ്ടെങ്കിൽ പ്രസ്തുത റാങ്ക് ഉപയോഗിക്കാം എന്നാക്കിയതും, ഷോർട്ട് സർവീസ് കമ്മീഷൻ ഓഫീസർ ആയി സേവനം അനുഷ്ഠിക്കാൻ ആഗ്രഹിക്കുന്നവർക്കും, നിലവിൽ സേവനം അനുഷ്ഠിക്കുന്ന SSC ഓഫീസേഴ്സിനും വളരെ ആവേശം ഉണർത്തുന്നതിന് ഈ ഉത്തരവ് SSC യെ വളരെ ആകർഷകമാക്കിയിട്ടുണ്ട്.

DGRൽ റജിസ്റ്റർ ചെയ്തിട്ടുള്ള സെക്യൂരിറ്റി ഏജൻസിക്കൾക്ക് കൂടുതൽ സുതാര്യവും മത്സരബുദ്ധിയോടെ പ്രവർത്തിക്കുന്നതിനും സർവീസ് ചാർജുകൾ കുറയ്ക്കുന്നതിനും മറ്റുമായി സമഗ്രമായ മാർഗനിർദേശങ്ങൾ നല്കിയിട്ടുണ്ട്.

(iv) ആരോഗ്യ പരിരക്ഷ

ഭാരതത്തിലും, നേപ്പാളിലും,വസിക്കുന്ന അസ്സം റൈഫിൾസിലെ പെൻഷൻകാർക്കും അവരുടെ ആശ്രിതർക്കും, രണ്ടാം ലോക മഹായുദ്ധ സെനനികൾക്കും, എമർജെൻസി കമ്മീഷൻഡ് ഓഫീസേഴ്സിനും, ഷോർട്ട് സർവീസ് കമ്മീഷൻഡ് ഓഫീസേഴ്സിനും 2019 മാർച്ചിൽ അകാല റിട്ടയർമെൻറ് ചെയ്തവർക്കും എക്സ് സർവീസ് മെൻ കോൺട്രിബൂട്ടറി ഹെൽത്ത് സ്കീം 2019 ഫെബ്രുവരിയിൽ അനുവദിച്ചു.

ഹെൽത്ത് ആൻഡ് ഫാമിൽ വെൽഫയർ മന്ത്രാലയത്തിന്റെ 01/01/2020ലെ ഓഫീസ് മേമ്മോറാണ്ടത്തിലെ വ്യവസ്ഥകൾ ഹെൽത്ത് ആൻഡ് ഫാമിലി വെൽഫയർ മന്ത്രാലയത്തിന്റെ 07/05/2018-ലെ ചില നിബന്ധനകൾ നിറവേറ്റികൊണ്ട് ECHS ഗുണഭോക്താക്കളുടെ 25 വയസ് കഴിഞ്ഞ ആൺ മക്കൾക്ക് ശാരീരിക വൈകല്യങ്ങൾ ഉണ്ടായാൽ അവർക്കും ECHS പരിരക്ഷ ലഭിക്കും എന്ന് 08/07/2020-ൽ മിനിസ്ട്രി ഓഫ് ഡിഫൻസിന്റെ ഇത്തരവായിട്ടുണ്ട്. .

കോവിഡ് 19 നടന്നു കൊണ്ടിരിക്കുന്നതിനാലും ECHS ഗുണഭോക്താക്കൾക്ക് കൊറോണ വൈറസ് ബാധയ്ക്ക് ഉള്ള സാധ്യത കണക്കിലെടുത്തും ECHS പോളി ക്ലിനിക്കുകളിൽ വരുന്നവരുടെ എണ്ണം കുറയ്ക്കുവാനും വിവിധ സർക്കാർ ഉത്തരവുകളിന്മേൽ പോളിക്ലിനിക് റഫറലുകൾ ഒന്നും കൂടാതെ തന്നെ മരുന്നുകൾ വാങ്ങാനും വാങ്ങിയ മരുന്നുകളുടെ വില തിരികെ കൊടുക്കുവാനും (reimburse) പ്രത്യേക അനുമതി നൽകുവാൻ തീരുമാനിച്ചിരുന്നു.

ECHS ൽ ഇല്ലാത്ത മരുന്നുകളും മറ്റ് ഉപയോഗ വസ്തുക്കളും 15 ദിവസത്തേക്ക് മാത്രം ECHS ഗുണഭോക്താക്കൾക്ക് പുറമേ നിന്ന് വാങ്ങി തിരികെ ECHS ൽ നിന്ന് പണം കൈപ്പറ്റാം എന്നത് 30 ദിവസത്തേക്ക് നീട്ടിയതും അതേപോലെ തന്നെ മരുന്നുകളും മറ്റും വാങ്ങുന്നതിനുള്ള പരിധി സാധാരണ രീതിയൽ 25,000 രൂപയാക്കി ഉയർത്തിയതും പ്രത്യേക സാഹചര്യങ്ങളിൽ 75,000 രൂപ വരെ പരിധി

ഉയർത്തിയതും ECHS ഗുണഭോക്താക്കൾക്ക് വളരെ ആശ്വാസം പകർന്നു. ക്യാൻസർ രോഗികൾക്ക് ഒരേ സമയത്ത് മരുന്ന് വാങ്ങുന്നതിനുള്ള തുക ഒരു സമയത്തിൽ 2 ലക്ഷത്തിൽ നിന്ന് 5 ലക്ഷമാക്കി ഉയർത്തിയിട്ടുമുണ്ട്.

പുതിയ രണ്ട് ECHS റീജിയണൽ കേന്ദ്രങ്ങൾ കൂടി ഹിമാചലിലെ യോൽ, ഒഡിസയിലെ ഭുവനേശ്വർ എന്നീ സ്ഥലങ്ങളിൽ 2021 ൽ പ്രവർത്തനം ആരംഭിച്ചത് മൂലം ഈ സംസ്ഥാനങ്ങളിലെ പിന്നോക്ക പ്രദേശങ്ങളിൽ താമസിക്കുന്ന വളരെയധികം ECHS ഗുണഭോക്താക്കൾക്ക് ഗുണകരമായി.